# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *5** **04.06.2018-ൽ മറുപടിക്ക്**

## വരാപ്പുഴ കസ്റ്റഡി മരണക്കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴ കസ്റ്റഡി മരണക്കേസിന് വഴിയൊരുക്കിയ ദേവസ്വംപാടം വാസുദേവന്റെ വീടാക്രമണ കേസിലെ പ്രതികൾ ആരൊക്കെയെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) കണ്ടെത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസിൽ ഉൾപ്പെട്ട ശ്രീജിത്ത് എന്ന തുളസീദാസ് ഉൾപ്പെടെ മൂന്ന് പ്രതികൾ കോടതിയിൽ കീഴടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) 3 പ്രതികൾ കോടതിയിൽ കീഴടങ്ങിയിട്ടുണ്ട്. |
| (സി) പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട ശ്രീജിത്ത് യഥാർത്ഥ പ്രതിയായിരുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നിരപരാധിയായ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തത് ഏത് സാഹചര്യത്തിലാണെന്നും അതിനായുള്ള നിർദ്ദേശം ആരാണ് എറണാകുളം റൂറൽ ടൈഗർ ഫോഴ്സിന് നൽകിയത് എന്നും അറിയിക്കാമോ; | (സി) നാളിതുവരെയുള്ള അന്വേഷണത്തിൽ വാസുദേവന്റെ വീടാക്രമണ കേസിൽ, മരണപ്പെട്ട ശ്രീജിത്ത് ഉൾപ്പെട്ടതായി വെളിവായിട്ടില്ല. ടിയാനെ കസ്റ്റഡിയിലെടുക്കാൻ ആരെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയതായും വെളിവായിട്ടില്ല. |

(ഡി) എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയായിരുന്ന എ.വി.ജോർജ്ജിന്റെ നിർദ്ദേശാനുസരണമാണോ ശ്രീജിത്തിനെ 06.04.2018-ൽ കസ്റ്റഡിയിലെടുത്തത്; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) നാളിതുവരെ നടത്തിയിട്ടുള്ള അന്വേഷണത്തിൽ അപ്രകാരം വെളിവായിട്ടില്ല. കേസ്സിന്റെ അന്വേഷണം പ്രത്യേക അന്വേഷണ സംഘത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

(ഇ) ജില്ലാ പോലീസ് മേധാവിയുടെ ഇക്കാര്യത്തിലുള്ള ഇടപെടലിന് പിന്നിലുള്ള രാഷ്ട്രീയ സമ്മർദ്ദം സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഇ) പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

**സെക്ഷൻ ഓഫീസർ**